പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 844 | 10.06.2019-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ

**ചോദ്യം**

ശ്രീ.ആന്റണി ജോൺ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിൽ ഇഞ്ചൂരിൽ 6 ഏക്കറോളം വരുന്ന സർക്കാർഭൂമിയിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കാമോ ; | എ) | പരിഗണനയിലുണ്ട്. |
| ബി) | ഇതിന്റെ ഭാഗമായി സ്ഥലം വിട്ടുകിട്ടുന്നതുൾപ്പെടെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | ബി) & സി) | കോതമംഗലം താലൂക്കിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂരിൽ 125/1 എ/36-5, 125/1 എ/37-6, 125/1 എ/8-2 സർവെ നമ്പറുകളിൽപ്പെട്ട 6 ഏക്കർ സ്ഥലം മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെതുടർന്ന് ടി സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടു കിട്ടുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഇത്തരം സർക്കാർ ഭൂമി പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. |
| സി) | പ്രസ്തുത സ്ഥലത്ത് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിച്ചാൽ മണ്ഡലത്തിലെ പതിനാറിലധികം വരുന്ന ആദിവാസി കോളനികളിലെ കുട്ടികൾക്കും സമീപജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന കുട്ടികൾക്കും ഏറെ പ്രയോജനപ്പെടുമെന്നതിനാൽ ഇവിടെ സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | | |

Hari

സെക്ഷൻ ഓഫീസർ